**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2347**

**09-03-2018 ലെ മറുപടി**

## ഹരിത കേരള മിഷന്റെ ഭാഗമായ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.പി.സജീന്ദ്രൻ** | | **മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | ഹരിത കേരള മിഷന്റെ ഭാഗമായി ജലസേചന വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;. | (എ) | ഹരിതകേരളം മിഷന്റെ മൂന്ന് ഉപദൗത്യങ്ങളിൽ ഒന്നായ ജലസംരക്ഷണം (ജലസമൃദ്ധി)-യുമായി ബന്ധപ്പെട്ട് സമഗ്ര നീർത്തടപ്ലാനുകൾ തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ സാങ്കേതിക സമിതികൾ ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ രൂപീകരിച്ചു കഴിഞ്ഞു. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം പ്രയോജനപ്പെടുത്തി ജലസേചന നിർമ്മിതികളും, നിർമ്മിതികൾ പുനരുദ്ധരിക്കുന്നതിനായി ഹരിതകേരളം എം.ഐ.ക്ലാസ്സ് I-ൽ ഉൾപ്പെടുത്തി 8 പ്രവൃത്തികൾക്ക് 746.85 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഹരിതകേരളം എം.ഐ ക്ലാസ്സ് II-ൽ ഉൾപ്പെടുത്തി 15 പ്രവൃത്തികൾക്ക് 7.70 കോടി രൂപയുടെ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു. 536 കുളങ്ങൾ നവീകരിക്കുന്നതിനായി 10.51 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ അവയുടെ ഉദ്ദേശലക്ഷ്യം പൂർത്തീകരിച്ചുവോ; വിശദമാക്കുമോ ? | (ബി) | ഭരണാനുമതി നൽകിക്കഴിഞ്ഞ പ്രവൃത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |

**സെക്ഷൻ ഓഫീസർ**